**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **02-02-2023 - ൽ മറുപടിയ്ക്ക്**

**പ്രവാസി മലയാളികളുടെ സംരംഭകത്വത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പ്രവാസി മലയാളികളെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിന് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | പ്രവാസി മലയാളികൾക്ക് മാത്രമായി പ്രത്യേക പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിൽ പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ളവർക്ക് മുൻഗണന നൽകി വരുന്നുണ്ട്.<br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.<br><br>കോവിഡ് 19 ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, എസ്.സി./ എസ്.ടി. വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ പ്രവാസി മലയാളികളെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാൻമാർ ആക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയും അത് വഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് വേണ്ടി പ്രവാസികൾക്കായി ഒരു ശില്പശാല വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ |

| | | | |
|---|---|---|---|
| | | | ആഭിമുഖ്യത്തിൽ 2023 ജനുവരി മാസത്തിൽ നടത്തിയിരുന്നു.<br><br>സംസ്ഥാനത്തിന്റെ വികസനത്തിലും പുരോഗതിയിലും മലയാളികളുടെ പങ്കിന്റെ പ്രാധാന്യം കണക്കിലെടുത്ത് തൊഴിൽ നഷ്ടപ്പെട്ടും അല്ലാതെയും സംസ്ഥാനത്തേയ്ക്ക് തിരിച്ചെത്തുന്ന പ്രവാസികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് അവതരിപ്പിച്ചിരുന്ന പദ്ധതിയാണ് പ്രവാസി ഭദ്രാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതിക്കുവാനുള്ള നടപടികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ